# വിടരുന്ന മൊട്ടുകൾ

*A Magazine by*

**Little Kites Unit**
**MGTHS**
**Mukhathala**
**[LK/2018/41040]**

# ആമുഖം

കഴിഞ്ഞ 50 വർഷങ്ങൾക്കുമുമ്പ് മുഖത്തലയിലും പരിസരപ്രദേശങ്ങളിലുമുള്ള തൊഴിലാളി വിഭാഗങ്ങൾക്കും കർഷകർക്കും മറ്റ് ജനവിഭാഗങ്ങളുടെയും കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടണമെങ്കിൽ കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ട അവസ്ഥയാണ് ഉണ്ടായിരുന്നത്. ഈ കാലത്ത് മുഖത്തലയിലെ വരും തലമുറയ്ക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയെടുക്കുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ.മുഖത്തല എൻ.ചെല്ലപ്പൻപിള്ളയടെ അശ്രാന്തപരിശ്രമം മൂലം മുഖത്തലയിൽ ഗ്രാമോദ്ധാരണട്രസ്റ്റ് രൂപീകരിക്കുകയും അതിന്റെ ഉടമസ്ഥതയിൽ ഹൈസ്ക്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഇക്കാലത്ത് ആയിരത്തിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിച്ചിരുന്നു. ഇന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ നിരവധി വ്യക്തികൾ ഈ ഹൈസ്ക്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികൾ ആണ്. കഴിഞ്ഞ ആറ വർഷക്കാലമായി ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം മുഖത്തല ഗ്രാമോദ്ധാരണ ട്രസ്റ്റ് പബ്ലിക് ട്രസ്റ്റ് ആക്കുകയും തെരഞ്ഞെടുക്കപ്പെട്ട ഈ ട്രസ്റ്റ് ഭരണസമിതിയാണ്. ട്രസ്റ്റിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ കാലയളവിൽ ട്രസ്റ്റ് ഹൈസ്ക്കൂളിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിലും കലാകായിക രംഗങ്ങളിലും നമ്മുടെ സരസ്വതിക്ഷേത്രം ഉന്നത നിലവാരം പുലർത്തുന്നു.

# ആശംസ

2017–18 അധ്യായനവർഷത്തിൽ നിലവിൽ വന്ന ലിറ്റിൽ കൈറ്റ്സ്  യൂണിറ്റ് ഈ സ്കൂളിൽ നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ലിറ്റിൽ കൈറ്റ്സ് മിസ്ട്ര സ്സുമാരായ ഈ സ്കൂളിലെ അദ്ധ്യാപകരായ വിദ്യ, സുനിത എന്നിവർ നല്ല രീതി യിൽ ക്ലാസുകൾ എടുക്കുകയും കുട്ടികൾക്ക് നല്ല പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി പ്രസിദ്ധീകരിക്കുന്ന 'വിടരുന്ന മൊട്ടുകൾ' എന്ന മാഗസിന് എല്ലാവിധ ആശം സകളും നേരുന്നു.

ആശംസകളോടെ,

പ്രതിഭകുമാരി.വി
ഹെഡ്മിസ്ട്രസ്
എം.ജി.റ്റി.എച്ച്.എസ്
മുഖത്തല

# പാറിപ്പറക്കുന്ന പട്ടങ്ങൾ

പാറിപ്പറക്കുന്ന പട്ടമായ് കുട്ടികൾ
വാനിലുയർന്ന് പറക്കട്ടെ
വിജ്ഞാനത്തിന്റെ ചിറകേറി എന്നും
നീല വിഹായസ്സിലുയരട്ടെ
അറിവിന്റെ അക്ഷയഖനിതേടി നിത്യം
പുതിയൊരു ലോകം തുറക്കട്ടെ
സ്വപ്നങ്ങൾ നെയ്യുവാൻ സാഫല്യം നേടുവാൻ
ദാഹിക്കുമേവർക്കും തുണയായി കൈറ്റുണ്ട്
നൂതനതലോകമവർക്കായ് തുറന്നിടും
എന്നുമാതേരേറി മുന്നോട്ടു പറഞ്ഞിട്ടും
വളരട്ടെ ഉയരട്ടെ കുതിക്കട്ടെ പട്ടങ്ങൾ

സിന്ധു.വി
എച്ച്.എസ്.എ മലയാളം

മഹത്‌വ്യക്തികളുടെ സന്ദേശം

- “എന്റെ ജീവിതമാണ് എന്റെ സന്ദേശം”- മഹാത്മാഗാന്ധിജി
- “ഒരു കുഴപ്പമുണ്ടാവുന്നത്, നല്ല കാര്യത്തിലേക്ക് കടക്കുവാൻ വേണ്ടിയാണ്.”- ഡ്യൂക്ക് എലിങ്സറ്റൺ

“ഒരു പുരുഷന്റെ അച്ഛൻ എന്നു പറയുന്നത് അവന്റെ കുട്ടിയാണ്.” - ബെസ്‌ലിൻ
“കഠിനാദ്ധ്വാനത്തിന്റെ കണ്ണാടി ഭാഗ്യമാണ്.”- വില്യം വേഡ്സ് വേർത്ത്

ഡിനോയി ജോണി
9 എ

ചാത്തന്നൂർ സബ്ജില്ലയിലെ ഐ.ടി കോർഡിനേറ്ററായി പ്രവർത്തിച്ചുവരുന്ന ശ്രീമതി. ഗ്രേസമ്മ ടീച്ചർ 2019 മെയ് 31-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. എം.ജി.റ്റി.എച്ച്.എസിലെ പൂർവ്വ വിദ്യാർത്ഥികൂടിയായ ടീച്ചറിന്റെ ജിവിതാനുഭവങ്ങളിലൂടെ.

നൈമിഷ് : ഐടി കോർഡിനേറ്റർ ആയി പ്രവർത്തിക്കാൻ ആരംഭിച്ചിട്ട് എത്ര വർഷമായി?

ഗ്രേസമ്മ ടീച്ചർ : പ്ലസ് ടു അധ്യാപികയായി മങ്ങാട് സ്കൂളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സാഹചര്യത്തിലാണ് ഐ.ടി കോർഡിനേറ്റർ ആയി മാറുന്നത്.

അഭി : ബുള്ളറ്റിൽ ആണല്ലൊ ടീച്ചർ യാത്ര ചെയ്യുന്നത്. എന്നുതൊട്ടാണ് അതിനോടൊരു താൽപര്യം തോന്നിത്തുടങ്ങിയത്?

ഗ്രേസമ്മ ടീച്ചർ : ഈ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലം മുതൽക്കുതന്നെ സൈക്കിൾ ചവിട്ടുന്നതിന് വളരെയധികം ഇഷ്ടമായിരുന്നു. സ്വന്തമായി സൈക്കിൾ ഇല്ലാത്തതിനാൽ വീടിനടുത്തുള്ള കടയിൽ നിന്ന് 25 പൈസയ്ക്കും 50പൈസയ്ക്കും സൈക്കിൾ വാടകയ്ക്ക് എടുത്ത് ഞായറാഴ്ചതോറും ചവിട്ടുമായിരുന്നു. അന്ന സൈക്കിളിനോട് നല്ല കമ്പമായിരുന്നു. ആ കാലഘട്ടത്തിൽ ആരും തന്നെ എനിക്ക് സൈക്കിൾ വാങ്ങിത്തന്നിട്ടില്ല. ആരുടെയെങ്കിലും വാഹനം കൊണ്ടുവരുമ്പോൾ എങ്ങനെയാണ് ഓടിക്കുന്നതെന്ന് ചോദിച്ചറിയുമായിരുന്നു. 1989-ലാണ് സ്വന്തമായി വാഹനം ഓടിക്കുന്നത് എങ്കിലും ആദ്യമൊക്ക നല്ല ഭയമായിരുന്നു. ഒരു വർഷം കഴിഞ്ഞ് 1991-ലാണ് ലൈസൻസ് എടുക്കുന്നത്. അതിനുശേഷം എല്ലാ വാഹനങ്ങളും ഓടിക്കാൻ ആരംഭിച്ചു. 2012-ൽ മകൻ ഒരു ബുള്ളറ്റ് വേണമെന്ന് പറഞ്ഞപ്പോൾ പൾസറാണ് എടുത്ത് കൊടുത്തത്. ആദ്യമായി അന്ന് പൾസറും ഓടിച്ചു. 2014 വരെ അതാണ് ഉപയോഗിച്ചത്. അതിനുശേഷം ട്രാൻസ്ഫറായി എറണാകുളത്ത് പോയപ്പോൾ അവിടെ വച്ചാണ് ബുള്ളറ്റ് വാങ്ങിയത്. അതാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.

നൈമിഷ് : ടീച്ചർ ഈ സ്കൂളിൽ പഠിച്ചതാണല്ലൊ. ടീച്ചറിന് ഇവിടെ മറക്കാനാവാത്ത ഓർമ്മ?

ഗ്രേസമ്മ ടീച്ചർ : കൂടുതലും സമരത്തിന്റെ ഓർമ്മകളാണ്. അധ്യാപകരെല്ലാം നല്ല സ്നേഹമുള്ളവരായിരുന്നു. അധ്യാപകരിൽ നിന്ന് അടി കിട്ടിയ ഓർമ്മകൾ. നല്ല ഓർമ്മകളാണ് ഈ സ്കൂളിനെക്കുറിച്ചുള്ളത്. സമരം വരു

മ്പോൾ ഞങ്ങൾ ഭയന്ന് ഓടുമായിരുന്നു. സമരദിവസം ഞങ്ങൾ അധികവും വയലിലാണ് ചെലവഴിക്കുന്നത്.

അഭി : ഞങ്ങൾ കുട്ടികളോട് ടീച്ചറിന് എന്താണ് പറയാനുള്ളത്?

ഗ്രേസമ്മ ടീച്ചർ : നിങ്ങൾ കുട്ടികളോട് പറയാനുള്ളത് പഠിക്കുന്ന സമയമാണ് നിങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപയോഗപ്രദമായിട്ടുള്ളത്. വീട്ടിലെ കാര്യങ്ങൾ ചെയ്തു തരാൻ ആളുകളുണ്ട്. അതുകൊണ്ടുതന്നെ നിങ്ങൾക്ക് വായിക്കാനുള്ള സമയം ലഭിക്കുന്നുണ്ട്. വായനാശീലം വളർത്തിയെടുക്കുക. മാതാപിതാക്കളെ സ്നേഹിക്കുക. അവരാണ് നിങ്ങളെ കരുതലോടെ വളർത്തിയെടുക്കുന്നത്. ആ കരുതൽ വാർധക്യകാലത്തിലും നാം തിരിച്ചുകൊടുക്കണം. ലിറ്റിൽ കൈറ്റ്സ് എന്ന യൂണിറ്റിലൂടെ കുട്ടികൾക്കെല്ലാം ഐ.ടി മേഖലയിൽ ശോഭിക്കാൻ കഴിയുമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

നൈമിഷ് : ടീച്ചർ ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുകയാണല്ലൊ. അതിനെക്കുറിച്ച് രണ്ട് വാക്ക്.

ഗ്രേസമ്മ ടീച്ചർ : 36 വർഷത്തെ സേവനത്തിനുശേഷം ഈ വർഷം ഞാൻ സർവ്വീസിൽ നിന്നും വിരമിക്കുന്നു. 1983-ലാണ് സർവ്വീസിൽ കയറിയത്. പ്രൈമറി സ്കൂൾ തുടങ്ങി ഇപ്പോൾ ഹയർ സെക്കന്ററിയിൽ എത്തി നിൽക്കുന്നു. എച്ച.എം പോസ്റ്റിനോട് ഒന്നും താൽപര്യമില്ലായിരുന്നു.എന്റെ ഔദ്യോഗിക ജീവിതത്തിൽ ഞാൻ സന്തുഷ്ടയാണ്.

അഭി : ഇത്രയും നേരം ടീച്ചറിന്റെ വിലപ്പെട്ട സമയം ഞങ്ങൾക്ക് നൽകിയതിന് നന്ദി.

# ബാലവേല

മൂകമാം നഗരവീഥികൾ മാത്രംസാക്ഷി,
കുരുന്നുകളോട് പ്രവർത്തിച്ച നിഷ്ഠൂരതകൾക്ക്!
നിഗൂഢമാം അനുഭവകഥകൾ അനേകമായിരം
ഓരോ അധ്യായങ്ങളും ദയനീയ വിലാപഗാഥകളല്ലേ
നോക്കൂ, ചില്ലകളും മുള്ളുകളും
ഓമനപാദങ്ങളെ വികൃതമാക്കിയിരിക്കുന്നു.
അഹോ കഷ്ടം! നിസഹായതയുടെ അശ്രുകണങ്ങൾ,
വീണത് ഭൂമിദേവിയുടെ ഹൃദയത്തിലല്ലോ!
പിച്ചകാശിനായ് വിൽക്കപ്പെടുന്നത്.
ഹതഭാഗ്യരായ കുരുന്നുകൾ തൻ ബാല്യമല്ലോ!
സ്വന്തമായി ഇവർക്കെന്നും,
ദുർഗന്ധം പമിക്കുന്ന,
നഗരവീഥികൾ മാത്രമല്ലോ!

സാന്ദ്ര വൈ
9 ബി

യാത്രാവിവരണം

## ഒരു ട്രെയിൻ യാത്ര അതൊരു ആദ്യയാത്ര

തിരുവനന്തപുരത്തുനിന്ന് പുനലൂരിലേക്കുള്ള യാത്രയ്ക്ക് വേണ്ടിയാണ് ഞാൻ ട്രെയിനിനെ അവലംബിച്ചത്. സ്റ്റേഷനിൽ അരമണിക്കൂർ കാക്കേണ്ടി വന്നു. അപ്പോഴേക്കും ട്രെയിൻ ഇങ്ങെത്തി. ചിന്നം വിളിപോലുള്ളആ കൂകിപ്പായൽ ശബ്ദം എല്ലാവരിലെയും പോലെ എന്നിൽ ചിന്നം വിളിയായി അവസാനിച്ചില്ല. എന്റെ കാഴ്ചപ്പാടിൽ അതൊരു വിലാപതേങ്ങലായിരുന്നു. എന്തിനോ വേണ്ടിയുള്ള വിലാപ തേങ്ങൾ. ട്രെയിനിൽ കയറി എന്റെ ആഗ്രഹം പോലെ ജനാലയുടെ പക്കൽ സ്ഥാനം പിടിച്ചു. ട്രെയിൻ പിന്നെയും പതിനഞ്ച് മിനിട്ട് കഴിഞ്ഞാണ് യാത്ര തിരിച്ചത്. ആ പതിനഞ്ച് മിനിട്ട് കലഹത്തിന്റെയും കച്ചവടക്കാരുടെയു യാത്രക്കാരുടെയും പതിനഞ്ച് മിനിട്ട് തന്നെയായിരുന്നു. വണ്ടി നീങ്ങാൻ തുടങ്ങി. അതിശയം ആളുകളുടെ വായിൽ പഴം കുത്തി നിറച്ചതുപോലെ ഉള്ള നിശബ്ദത. ഇരുഭാഗങ്ങളിലായി മരങ്ങൾ, കുന്നിൻ ചെരുവുകൾ, ഭീമാകരമായ മലകൾ പ്രചാരം നേടിയ ക്ഷേത്രങ്ങൾ, ചെറിയ ചെറിയ വീടുകൾ എന്നിവ എന്തോ കണ്ട് പേടിക്കുംപോലെ പിറകോട്ട് ഓടി മറയുന്നുണ്ടായിരുന്നു. ദയയും ക്രൂരതയും നിറഞ്ഞ ക്ണുകൾ ആ യാത്രയിൽ ഞാൻ കണ്ടു. അടുത്ത സ്റ്റേഷനിൽ ട്രെയിൻ അൽപ്പസമയം നിർത്തിയിട്ടു. അതൊരു കാടിൻ വക്കായിരുന്നു. പക്ഷിമൃഗാദികൾ ട്രെയിനിനെ അതിശയോക്തിയോടെ നോക്കുന്നതായി എനിക്ക് തോന്നി. കാഴ്ചകൾ കണ്ട് തീരും മുമ്പേ ട്രെയിൻ പുനലൂർ സ്റ്റേഷനിലെത്തി. ഞാനിരുന്ന സീറ്റിനോടും ജനാലക്കമ്പികളോടും രമ്യഭാഗഭംഗികളോടും സലാം പറഞ്ഞ് ഞാൻ ട്രെയിനിൽ നിന്ന് വിടവാങ്ങി.

ആരതി.എസ്
9 സി

## ചെറുചെടി

ചെറുചെടി താനെ മുളച്ചവല്ലോ
പിഴുതെറിഞ്ഞോറെ ചിരിച്ചുഞാനും
മറുചെടി വച്ചിടാൻ തോന്നിയില്ല
പറയുവാനാരും തുനിഞ്ഞുമില്ല
ഒറുവിലൊരു മരുഭൂമി ചുറ്റിലും വേനൽ
വരളുന്നു നാവും നനഞ്ഞ മണ്ണും
എവിടെയോ ഒരു ചെടി വീണ്ടും മുളച്ചു
പിഴുതെറിയാൻ തോന്നില്ലിനിയെനിക്കും

അഭിഷേക് ലാൽ

# മഴ

മഴയുടെ മൗനതാളമായ് നിന്നിടും പെയ്നോർത്ത് പടിവാതിൽ വന്നു
ഇളം മഞ്ഞിലേനോ കുളിർകാറ്റ് പോലെൻ
കവിളിൽ തലോടി പെയ്തു
ഒരു നേർത്ത മഴപോലെ ഒരു നാളിൽ
ഞാനുമീ ഭൂമിതൻ മടിയിൽ വന്നു വീണു
ഒരു ചാറ്റൽ മഴയുടെ നിശ്വാസമായി ഞാൻ
ബാല്യകൗമാരങ്ങളടി തീർന്നു.
ഇടിമിന്നൽ മഴപോലെ എൻ ജീവിതത്തിലും
യൗവ്വനം വന്നു പൂക്കാലമായി.
ഇളവെയിലേൽക്കുന്ന ചെമ്പനീർ ചെടി തന്നിൽ
പൊൻ വസന്തം പോൽ കടന്നുവന്നു.
മഴയുടെ മൗന താളമായി എന്നിൽ കുളിരോർമ്മകൾ നീ കോറിയിട്ടു.
പൂവായി പിന്നെ പൂക്കാലമായിനിലേക്ക് ശലഭങ്ങൾ
പലതും പറന്നുവന്നു.
ഒരു വേനൽ മഴപോലെ തീരേ നനക്കാതെ
നല്ല കാലങ്ങൾ കൊഴിഞ്ഞുപോയി
പൂവെല്ലാം പൊഴിയുമ്പോൾ പൂക്കാലം മറയുമ്പോൾ
ശലഭങ്ങൾ പലതും പറന്നുപോയി
കാലം കഴിഞ്ഞപ്പോൾ എൻ ജീവിതത്തിലും
വാർദ്ധക്യം വന്നിടും മൂകമായി.
ഇളംമഞ്ഞിൻ കുളിരേറ്റ ഇലകൾ പൊഴിച്ചൊരാവൻ
മരമായങ്ങ് ഞാനും നിന്നു.
ഇരുൾ വീണ സന്ധ്യയിൽ ഒരു നേർത്ത മഴയായി
മിന്നിത്തിളങ്ങി നിന്നോർമകളും
ഒരു രാത്രിമഴപോലെ എൻ ജനാലക്കരികിലും
ഒരു നാളിൽ മരണം കടന്നു വന്നു.
പിന്നെയും ശേഷിച്ചു ഒരു പിടി ഓർമ്മകൾ
മഴവെള്ളച്ചാലിൽ ഒലിച്ചുപോയി.

ഐശ്വര്യ.എസ്
9 സി

## വായന

വായന നമ്മൾ ശീലിക്കണം
വായിച്ചു നമ്മൾ വളർന്നിടേണം
അറിവുകൾ നമ്മൾ നേടിടുമ്പോൾ
വിവേകവതികളായ് തീർന്നിടുന്നു
നാടിനഭിമാനമായി മാറിടുമ്പോൾ
ജീവിതം ധന്യമായ് തീർന്നിടുന്നു.

അഖില എസ്

## പെരുമഴ

മഴ പെയ്യും നേരത്ത്
കുളിർക്കോരും കാറ്റത്ത്
വഴിയോരം കാത്തുനിൽക്കും
കൂട്ടുകാർ..... കൂട്ടുകാർ (2)

ഇടിമിന്നൽ പെയ്യുമ്പോൾ
ഭയമേറെ തോന്നുന്നു
എന്നാലും എനിക്ക്
ഇഷ്ടം മഴയാണ്......(2)

പാതിവിടർന്ന പുലരിയേ
നിൻ ശോഭ മനോഹരം
നിൻ ശോഭയിൽ ആണ്ടുഞാൻ
എന്റെ ജീവിതം മനോഹരം (2)

മന്ദമായി ഒഴുകുന്ന പുഴകളെ
നിൻ ജീവൻ ഉയിരുന്നത്
മഴയിൽ നിന്ന് മഴയിൽ നിന്ന്
ലോകത്തിനെ ചോരിക്കൊരിയും
മഴയെന്ന് കൂട്ടുകാരി.

ഫാത്തിമ.എസ്

# ചെറിയ പട്ടം

ഒരിടത്ത് ഒരിടത്ത് ഒരു കടയിൽ നാലു പട്ടങ്ങൾ ഉണ്ടായിരുന്നു. അതിൽ മൂന്നു പട്ടവലിപ്പത്തിലും മനോഹാരിതയിലും മുന്നോട്ടു നിൽക്കുന്നവയായിരുന്നു. എന്നാൽ ആ നാലാമത്തെ പട്ടം വലിപ്പത്തിലും മനോഹാരിതയിലും പിന്നോക്ക മായിരുന്നു. ഒരു മത്സരത്തിൽ പങ്കെടുക്കാൻ നാലു കുട്ടികൾ പട്ടങ്ങൾ വാങ്ങാ നായി ആ കടയിലേയ്ക്ക് എത്തി. ആ ചെറിയ പട്ടം വാങ്ങാൻ നാലാമത്തെ കുട്ടിയ്ക്ക് താൽപര്യമില്ലാതിരുന്നെങ്കിലും മത്സരത്തിൽ പങ്കെടുക്കാനുള്ള ആഗ്രഹം മൂലം ആ പട്ടം വാങ്ങാൻ അവൻ നിർബന്ധിതനായി. പിറ്റേ ദിവസം മത്സരം ആരം ഭിച്ചു. മറ്റു പട്ടങ്ങൾ എല്ലാം ആദ്യം കുതിച്ചുപൊങ്ങി. എന്നാൽ ആ ചെറിയ പട്ട ത്തിന് വേഗത കണ്ടെത്താൻ സാധിച്ചില്ല. പെട്ടെന്ന് കാറ്റിന്റെ ദിശ മാറാൻ തുട ങ്ങി. അതു മനസ്സിലാക്കി ആ ചെറിയ പട്ടം മരത്തിന്റെ ഇലകളിൽ ചാഞ്ഞുനിന്നു. എന്നാൽ മറ്റു പട്ടങ്ങൽ അഹങ്കാരം കാരണം കാറ്റിന്റെ ദിശ മനസ്സിലാക്കാതെ ആകാശത്തേക്ക് ഉയർന്നുകൊണ്ടിരുന്നു. അതിശക്തമായ കാറ്റിൽ മറ്റു പട്ടങ്ങളുടെ നൂല് വിഛേദിച്ചു. അവയെല്ലാം ദൂരെ സ്ഥലങ്ങളിലേക്ക് പോയി മറഞ്ഞു. കാറ്റിന്റെ ദിശ സാധാരണ ഗതിയിലായപ്പോൾ ആ ചെറിയ പട്ടം ആകാശത്തിലേയ്ക്ക് കുതിച്ചു പൊങ്ങി. വലിപ്പത്തിലും സൗന്ദര്യത്തിലുമല്ല കഴിവിലാണ് കാര്യം എന്ന് ചെറിയ പട്ടം ഈ കഥയിലൂടെ നമുക്ക് മനസ്സിലാക്കി തരുന്നു. വരും തലമുറ ഈ ചെറിയ പട്ടത്തിന് സമാനമായി തീരട്ടെ. കഴിവുള്ളവരായി ഈ ലോകം തന്നെ കീഴട ക്കട്ടെ.

നന്ദന

## മഴ തന്ന നോവിന്റെ പാട്ട്

മഴയുടെ മാറിൽ
        തലചായ്ച്ചുറങ്ങാൻ
മതിയെന്ന മനസ്സിന്റെ
        ചൂടൊന്നകറ്റാൻ
തണൽക്കാറ്റ് വീശിടും
കാരുണ്യ ഭൂമിയിൽ
നറു നിലാവിനിയും തിരിച്ചുവന്നിടുമോ
പ്രളയാന്തരത്തിന്റെ നോവിന്റെ പാതയിൽ
പാരിന് തുണയായി,
        മക്കൾക്ക് തുണയായി
ഇനിയെന്തുവേണം കരുത്തേകുവാൻ
നമുക്കിനിയെന്തുവേണം തുണയേകുവാൻ
നാം തന്നെയല്ലോ നാമിൻ തുണ
നാം തന്നെയല്ലോ
        നാടിൻ തുണ

## അമ്മ

ജീവിതവീഥിയിൽ ജാലകത്തിൻപടി
ചാലിച്ചുതന്നൊരെൻ അമ്മ
ജീവിതപാദകൾ മറികടക്കാൻ
ജീവിച്ചു തീർക്കാൻ
ഇനിയൊണ്ടൊരുപാട്
നമുക്കുമാത്രം
നാമിന്റെ നമ്മയ്ക്കായി
നാടിന്റെ ഭാവിക്കായി
ഇനിയുണ്ടൊരുപാട് പാദകൾ താണ്ടാൻ
ഇനിയുണ്ടൊരുപാട് നാളുകൾ

ശ്രീക്കുട്ടി എസ്

വായനാക്കുറിപ്പ്

## ഖസാക്കിന്റെ ഇതിഹാസം - ഒ.വി.വിജയൻ

പ്രശസ്ത കഥാകൃത്ത് ഒ.വി.വിജയന്റെ തൂലികയിൽ നിന്ന് പിറന്നു വീണ നോവലാണ്. 'ഖസാക്കിന്റെ ഇതിഹാസം' രവി എന്ന യുവാവാണ് ഈ നോവലിലെ കേന്ദ്ര കഥാപാത്രം. ഏതൊരു കാഴ്ചയെയും മനസ്സിൽ ഉൾക്കൊള്ളിച്ചിരുന്നു എന്നത് രവിയുടെ പ്രധാന സവിശേഷതയാണ്. ഈ കഥാപാത്രത്തിന്റെ കുട്ടിക്കാലം വളരെ ദയനീയമായിരുന്നു. തന്റെ എത്രയും പ്രിയപ്പെട്ട അമ്മയെ രവിക്ക് ഒരു വയസ്സാകുന്നതിനുമുമ്പുതന്നെ നഷ്ടപ്പെട്ടു.കൂമൺകാവിലെ ഏകാധ്യാപക വിദ്യാലയത്തിൽ രവി പഠിപ്പിക്കാൻ വരുന്നതുമുതലാണ് കഥ ആരംഭിക്കുന്നത്. ഈ കഥാപാത്രത്തിന്റെ മരണത്തോടെയാണ് കഥ അന്ത്യത്തിലെത്തുന്നത്.

നോവലിസ്റ്റ് ഒ.വി.വിജയൻ ഓരോ കഥാപാത്രത്തിന്റെയും രൂപം വാങ്മയ ചിത്രമാക്കി ആവിഷ്ക്കരിച്ചിരിക്കുന്നു. ഖസാക്കിന്റെ പേടിപ്പിക്കുന്നതും രസിപ്പിക്കുന്നതും സന്തോഷം പകരുന്നതുമായ സന്ദർഭങ്ങൾ ഈ നോവലിലുണ്ട്. മലയാളസാഹിത്യചരിത്രത്തിൽ ഒരു പ്രകാശഗോപുരമായി ഈ നോവൽ ഇന്നും നിലനിൽക്കുന്നു. ഈ കഥയിലെ വിഷമപൂരിതമായ രണ്ട് സന്ദർഭങ്ങളാണ് എഴുത്തുപള്ളിയിലെ അധ്യാപകൻ അള്ളാപിച്ചം മൊല്ലാക്കയുടെ മരണവും കഥാനായകൻ രവിയുടെ മരണവും ഈ നോവലിൽ മുഴുകുന്ന ആരെയും ഈ സന്ദർഭങ്ങൾ സങ്കടപ്പെടുത്തുന്നു.

മലയാളസാഹിത്യത്തെ ക്ലാസിക് തലത്തിലേക്കുയർത്തിയ കാലാതിവർത്തിയായ കൃതിയാണ് ഈ നോവൽ. മുസ്ലീം ഭാഷയാണ് ഈ നോവലിനെ പരിപൂർണ്ണതലത്തിലെത്തിച്ചത്. മലയാളസാഹിത്യത്തിൽ ഏറ്റവും ഉയർന്ന സ്ഥാനമാണ് ഒ.വി.വിജയന്റെ മാസ്റ്റർപീസായ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിനുള്ളത്.

ആരതി.എസ്

9 സി

# മഴ

മുത്ത് മുത്ത് മഴയെ
കൊഞ്ചിത്തുള്ളും അഴകെ
എന്നരികിൽ വേഗം വേഗം വാ മഴയെ
(മുത്ത് മുത്ത്)
എന്റെ ഹൃദയത്തിൽ ഉള്ളിനുള്ളിൽ
നിന്റെ തുള്ളികൾകൊണ്ട് കണ്ണെഴുതി
ഒന്നും പറയാതെ നീ ഒന്നും അറിയാതെ
നമ്മൾ രണ്ടുപേരും വെൺചിറകാൽ ചാറിയില്ലേ.
എന്റെ ആനന്ദം നീയല്ലയോ...
അതെല്ലാം ഞാൻ ഓർക്കുന്നിതാ മഴയെ
മുത്ത് മുത്ത് മഴയെ
കൊഞ്ചിത്തുള്ളും അഴകെ
എന്നരികിൽ വേഗം വേഗം വാ മഴയെ
നിന്റെ തുള്ളികൾ മാനത്തേക്കാൾ
പ്രകാശമേറിയതാകാൻ നീ വാ മഴയെ.

അഭിജിത്ത് യു
9 എ

# അമ്മ മാനസം

ഉദയസൂര്യനായെൻ മനസ്സിൽ
വഴികാട്ടിയെൻ വഴിയെ
വിജ്ഞാനപ്രകാശം എന്നിൽ ചൊരിഞ്ഞു
സ്നേഹത്തിൻ പാൽക്കുടം എനിക്കേകി

സത്യത്തിൻ ധർമ്മത്തിൻ
ആദ്യപാഠങ്ങൾ ചൊല്ലിത്തരു
നീതിതൻ പാതയിൽ എൻ കരം
ചേർത്തുപിടച്ചെന്നമ്മ നീങ്ങവെ

കൂരിരുട്ടാകും തിന്മയെ മറച്ചുകൊണ്ടെന്നമ്മ
ചന്ദ്രനായെന്നുമെന്നിൽ തിളങ്ങീടുന്നു.
പാട്ടിന്റെ പാലാഴി തീർത്തമ്മ
താരാട്ടുപാടിയുറക്കവേ,

ചന്ദനഗന്ധിയാമെൻ അമ്മതൻ മടിമേൽ
സ്വപ്നസഞ്ചാരിയായ് ഞാനങ്ങനെ
സമയവും കാലവും മനുഷ്യനും പ്രകൃതിയും
ആരെയും കാത്തുനിൽക്കാതെപോയ്
എങ്കിലുമെന്നമ്മ അമ്മതൻ വഴിയെ
എന്നെയും നടത്തുവാൻ കാത്തിരുന്നു.

അമ്മയാണീ ലോകസത്യം
അമ്മയാണീ ദൈവതുല്യം
അമ്മയാണീ പരമാർത്ഥം
എല്ലാം നശിച്ചീടുമീ പാരിൽ

അഭിജിത്ത് യു
9 എ

# പ്രകൃതി നീ മനോഹരി

പ്രകൃതി നീ മനോഹരി
ഏതൊരു മഹിളയെക്കാളും
നീ സൗന്ദര്യവതി
ജലവും മൃഗവും പക്ഷിലതാദികളും
പൂവും കായും വനവും
ഏകീഭവിക്കും പ്രപഞ്ചറാണി
നിൻ കിരീടമിതല്ലോ ആകാശം
നിൻ പാദമിതല്ലോ കുഴിയും
കേൾക്കാം നിൻ സ്വരമെൻ കാതിൽ
കാറ്റും ജലവും മണ്ണും വിഴ....
നിൻ മരത്തണലിൽ ഒന്നിരിക്കെ-
കാറ്റിൻ കുളിർസ്പർശനമേകി
എൻ വദനത്തെ തലോടും
നിൻ പാദത്തിലൂടൊന്ന്
സഞ്ചരിച്ചാൽ മഴതൻ മുഴക്കം
എൻ കാതിൽ മുഴങ്ങും നിദ്രയിൽ പോലും നീ,
എന്തു മനോഹരി....

ഉണ്ണി റ്റി
9 എ

# കടങ്കഥകൾ

1. ചത്തപോത്ത് കോലെടുത്താലോടും

   തോണി

2. തേൻകുടത്തിൽ ഒറ്റക്കണ്ണൻ

   ചക്കക്കുരു

3. ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്

   ചൂൽ

4. കറുത്തപാറയ്ക്ക് വെളുത്ത വേരോടി

   ആനക്കൊമ്പ്

5. ചില്ലിക്കൊമ്പേൽ മഞ്ഞപക്ഷി

   കശുമാങ്ങ

6. കണ്ണോളം വെള്ളമുണ്ട് മുങ്ങാൻ വെള്ളമില്ല

   ഇളനീർ

7. കേറും ചങ്ങല, ഇറങ്ങും ചങ്ങല പച്ചിലകൊത്തി ഇറങ്ങും ചങ്ങല

   പുളിയുറുമ്പ്

8. ആനയോടിയാൽ കൂടെയോടും

   ആനവാൽ

വൈശാഖ്

9 എ

# വഴിതെറ്റുന്ന യുവത്വം

അനന്തമാം ജീവിതത്തിൽ
ദുർഘട പാതയിലൂടെ
നേർമാർഗ്ഗം വെടിയുന്നു
യുവത്വം വഴിതെറ്റുന്നു.

ഘോരമാം ദുഷ്ടചിന്തകൾ
ലോലമാം മനസിനെ മഥിയ്ക്കുമ്പോൾ
സുഖലോലുപരതൻ ഉയരങ്ങൾ തേടി
അലയുന്നു യുവത്വം

നേർവഴി നയിക്കുവാൻ
ഗുരുക്കന്മാർ ശ്രമിക്കുമ്പോൾ
അലസമായിരുന്നിട്ട് വിരസമായ് മുഴുകുന്ന
അനന്തമാം ലോകത്തിൽ ഉഴലുന്ന യുവത്വം

നേർമാർഗ്ഗം വെടിഞ്ഞ് നീ
ചരിക്കല്ലേയെന്നുരയ്ക്കുന്ന
ജനനിയെ കേൾക്കാതെ പോയീടിനാൽ
വഴിതെറ്റുന്നു യുവത്വം

അഭിജിത്ത് യു
9 എ

# മതം മാനവികതയ്ക്ക്

ഭാരതം അനേകം മതങ്ങളുടെ തൊട്ടിലാണ്. വ്യത്യസ്തമതങ്ങളിൽ വിശ്വസിക്കുന്ന കോടിക്കണക്കിന് ജനങ്ങൾ ഭാരതത്തിൽ അധിവസിക്കുന്നു. എല്ലാ മതങ്ങളും പരസ്പരം ഉൾക്കൊണ്ട് മുന്നോട്ട് പോകുവാൻ കഴിയുന്ന ശക്തമായ സാമൂഹിക സാംസ്കാരിക അടിത്തറയുള്ള ഒരു രാജ്യമാണ് ഭാരതം. ചരിത്രപരമായി ഇന്ത്യയ്ക്ക് മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. ജാതി, മത, വർണ്ണ വർഗ്ഗ വൈജാത്യങ്ങൾക്കതീതമായി ജീവിതത്തിന്റെ  എല്ലാ തുറകളിലും നൂറ്റാണ്ടുകളായി സമാധാനം കാംഷിക്കുന്നവരാണ് ഭാരതീയർ. ഹിന്ദുവും, മുസ്ലീമും ക്രിസ്ത്യാനിയും തമ്മിൽ വിശ്വാസത്തിലും ആചാരത്തിലും മൗലികമായ ഭിന്നതകൾ ഉണ്ടായിട്ടുപോലും അവർ ജീവിതത്തിന്റെ എല്ലാ തുറകളിലും അന്യോന്യം സൗഹൃദത്തിന്റെയും സഹിഷ്ണുതയുടെയും മേഖലകൾ സൃഷ്ടിച്ച് മുന്നേറിയിരിക്കുന്നു. ലോകമാഗ്രഹിക്കുന്നത് സമാധാനമാണ് ആ സുഹൃത്തിലേക്കും സമാധാനത്തിലേക്കും തിരിച്ചുപോകുവാനും തീർച്ചയായും നമുക്ക് സാധിക്കണം. സർവ്വമതസാഹോദര്യം എന്നത് നമ്മുടെ മുദ്രാവാക്യം ആകണം.മതം നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളത് വളരെ പ്രസക്തമാണ്. അതേസമയം മനുഷ്യന് സുരക്ഷിതത്വം നൽകാനും സന്തോഷത്തിന്റെ പ്രതീകമായി മനുഷ്യനെ വാർത്തെടുക്കാനും മതത്തിന് സാധിക്കും. അതാണ് മതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അതാണ് ഇന്ന് ഭൂരിഭാഗം ജനങ്ങളും ആഗ്രഹിക്കുന്നത് മതനിരപേക്ഷത എന്ന വിശാല സങ്കൽപത്തോടെ ഭാവി തലമുറ വളർന്ന് നമ്മുടെ നാടിനും നാട്ടുകാർക്കും ഉപകാരികളായിത്തീരട്ടെ.. എന്ന് നമുക്ക് പ്രാർത്ഥിക്കാം.

അഭിജിത്ത് യു

9 എ

കഥ:

# ഇണക്കിളികൾ

ഒരു ഘോരവനത്തിലെ രണ്ട് വേർപിരിയാത്ത കൂട്ടുകാരായിരുന്നു കുഞ്ഞിക്കിളിയും പൈങ്കിളിയും. കുഞ്ഞിക്കിളിയുടെയും പൈങ്കിളിയുടെയും കൂടുകൾ അടുത്തായിരുന്നു. അവർ തമ്മിൽ പരസ്പരം എല്ലാ കാര്യങ്ങളും പങ്കുവെയ്ക്കുമായിരുന്നു. ഒരിക്കൽ അവരുടെ കൂടുകൾക്കപ്പുറമായി ഒരു അണ്ണാറക്കണ്ണൻ വസിക്കാനായി എത്തി. അവന്റെ പേര് കുട്ടനെന്നാണ്. അവന് സുഹൃത്തുക്കളാരുമില്ല അതുകൊണ്ട് തന്നെ കുഞ്ഞിക്കിളിയും പൈങ്കിളിയും കൂട്ടുകൂടാൻ തുടങ്ങി അവർ നല്ല സുഹൃത്തുക്കളായി എന്നാലും ഇരതേടി പോകുമ്പോഴും പഴങ്ങളും മറ്റും തേടി പോകുമ്പോഴും ഒന്നും കുട്ടനെ ഇരുവരും കൂട്ടില്ലായിരുന്നു കാരണം അവന് പറക്കൻ കഴിയില്ലല്ലോ.

അങ്ങനെയിരിക്കെ ഇരുവരുടെയും കൂട്ടുകെട്ട് കുട്ടനത്ര രസിച്ചില്ല. അങ്ങനെ കുട്ടൻ അവർ തമ്മിൽ പിരിയാൻ വേണ്ടിയുള്ള കുതന്ത്രങ്ങൾ മെനയാൻ തുടങ്ങി.

ഒരു ദിവസം കുഞ്ഞിക്കിളി പറഞ്ഞു "നമ്മൾ രണ്ടുപേരും ഒരേ സ്ഥലത്ത് തന്നെ ഭക്ഷണം തേടിപോയാൽ ഒരു പ്രയോജനവുമില്ല. അതിനാൽ നമുക്ക് രണ്ടു വഴികൾ തെരഞ്ഞെടുക്കാമെന്ന്. പൈങ്കിളി പറഞ്ഞു നീ പറഞ്ഞത് ശരിയാണ്. നമുക്കങ്ങനെ ചെയ്യാമെന്ന് പറഞ്ഞു. ഇതെല്ലാം രഹസ്യമായി കുട്ടൻ കേട്ടു നിൽപ്പുണ്ടായിരുന്നു.

അങ്ങനെ കുഞ്ഞിക്കിളി ഉച്ചയ്ക്ക് മുമ്പ് തന്നെ കുറച്ച് പഴങ്ങളുമായി അതിന്റെ അതിന്റെ കൂട്ടിലെത്തി. എന്നിട്ടും പൈങ്കിളിയെ കണ്ടില്ല. കുറച്ച് നേരം വിശ്രമിച്ചിട്ട്, കുഞ്ഞിക്കിളി വീണ്ടും ഭക്ഷണം തേടിപ്പോയി. ആ സമയത്ത് അണ്ണാറക്കണ്ണൻ കുഞ്ഞിക്കിളിയുടെ കൂട്ടിൽ കയറി കുറെ പഴങ്ങൾ കഴിച്ചു തീർത്തു. കുഞ്ഞിക്കിളി തിരികെ വന്നപ്പോൾ കുട്ടൻ പറഞ്ഞു, "നിന്റെ കൂട്ടിലിരുന്ന പഴങ്ങൽ കുറെ പൈങ്കിളി കഴിച്ചുതീർത്തിട്ടാണ് പോയത്. ഇതെല്ലാം കണ്ടപ്പോഴും കേട്ടപ്പോഴും കുഞ്ഞിക്കിളിയുടെ സമതല തെറ്റി. പൈങ്കിളി തിരികെ വന്നപ്പോൾ കുഞ്ഞിക്കിളി കുറെ കോപിച്ചു. അവളെ കള്ളി എന്ന പേരിൽ മുദ്ര കുത്തി. അതും കൂടി കേട്ടപ്പോൾ പൈങ്കിളിയുടെ മനസ് വിങ്ങിപ്പൊട്ടി. പൈങ്കിളി പറഞ്ഞു, "ഇനി ഞാൻ ഒരിക്കലും തിരികെ വരില്ല" എന്ന് പറഞ്ഞിട്ട് അവൾ ആ കൂട് വിട്ട് ഇറങ്ങി കുട്ടന് കുറെ സന്തോഷമായി. അങ്ങനെ കുറച്ച് ദിവസം കഴിഞ്ഞ് വീണ്ടും കുഞ്ഞിക്കിളി

ഭക്ഷണം തേടിപ്പോയി. തിരികെ വന്നപ്പോൾ അതാ തന്റെ കൂട്ടിൽ ഒരു അനക്കം പോലെ കുഞ്ഞിക്കിളി മറഞ്ഞ് നിന്ന് നോക്കിയപ്പോൾ കള്ള അണ്ണാറക്കണ്ണനായിരുന്നു. കുഞ്ഞിക്കിളിയുടെ മനസ് തകർന്നുപോയി കുഞ്ഞിക്കിളിക്ക് സത്യമെല്ലാം മനസ്സിലായി. ആരാണ് കളവ് പറഞ്ഞതെന്ന് അവൾക്ക് മനസ്സിലായി. അണ്ണാറക്കണ്ണൻ ഒരു ചതിയനായിരുന്നുവെന്ന് അവൾക്ക് അറിയാൻ കഴിഞ്ഞു. അവൾ ഒരു ദിവസം കുറെ കരഞ്ഞു, ഒരു ചതിയന്റെ വാക്കുകേട്ട് തന്റെ ഉറ്റസുഹൃത്തിനെയാണ് താൻ മനസ് നോവിപ്പിച്ച് വിട്ടത്. അവൾ പിറ്റെ ദിവസം മുതൽ പൈങ്കിളിയെ തിരയാൻ തുടങ്ങി. എന്നിട്ടും അവളെ കണ്ടെത്താൻ അവൾക്ക് സാധിച്ചില്ല. അപ്പോഴാണ് അവളുടെ കൂടിന്റെ സമീപം ഒരു ചത്തു കിടക്കുന്ന പക്ഷിയുടെ ശരീരം. നോക്കിയപ്പോൾ അത് തന്റെ പൈങ്കിളിയാണ്. അവൾ കുറെ കണ്ണീരൊഴിക്കിയതിനുശേഷം കുഞ്ഞിക്കിളി തന്റെ ചുണ്ടുകൊണ്ട് അതിന്റെ ശരീരവും ഹൃദയവും കുത്തി മുറിച്ച് മരണത്തിനിരയായി, ഈ ലോകത്തിൽ നിന്നും തന്റെ സുഹൃത്തിന്റെ കൂടെ യാത്രയായി.

അപർണ്ണ ബി
9 എ

# പ്രപഞ്ചം

ഈ ഭൂമിയിൽ മരമായ് നീയെനിക്ക് തണൽ തന്നല്ലോ.
വൃക്ഷലതാദിയായ് നീയെൻ മുന്നിൽ പൂത്തുലഞ്ഞുവല്ലോ.
സൂര്യകാന്തിയെപ്പോലെ നീയെൻ മുന്നിൽ സൂര്യനായി ജ്വലിച്ചുവല്ലോ.
കൃഷിയായ് കർഷകകുടുംബത്തെ അനുഗ്രഹിക്കുന്ന പ്രപഞ്ചമേ ഞാൻ നിന്നെ
യൊന്ന് സ്നേഹിച്ചോട്ടെ.
നദികളും പുഴയുമായി എൻ ദാഹ-
മടയുവാൻ നീ വന്നു നിന്നുവല്ലൊ...
മഴപോലെ നീ സങ്കടപ്പെട്ടപ്പോഴും ഞാൻ ഒന്നുമേയറിഞ്ഞതില്ല
മനസിലോർമകൾ വീണ്ടുമെൻ മുന്നിൽ പച്ചയായ് ഉദിച്ചുവല്ലൊ.
ഏക സുന്ദരിയായ് കൂടിക്കളിക്കുന്ന
പ്രപഞ്ചമെ നിന്നെയൊന്നു ഞാൻ സ്നേഹിച്ചോട്ടെ.

അഖിൽ എസ്
9 എ

# മാതൃസ്നേഹം

പത്തുമാസമെന്ന ഉദരത്തിൽ വഹിച്ച എന്നമ്മേ
നിനക്കായ് ഈ ജന്മം എന്ത് ഞാൻ തരേണ്ടു
പിച്ചവെച്ച നാൾ മുതൽ തണലേകിയ എന്നമ്മേ-
നിനക്കായ് എന്റെ പ്രണാമം!

അക്ഷരമുറ്റത്തേക്ക് എന്നെ നയിച്ച എന്നമ്മേ
നിനക്കായ് ഈ ജന്മം എന്ത് ഞാൻ തരേണ്ടു
ജീവിതപാതയിൽ വിളക്കായ് മാറിയ എന്നമ്മേ
നിനക്കായ് എന്റെ സ്നേഹസ്പർശം!

ഒറ്റപ്പെടലിന്റെ നാളുകളിൽ ആശ്വാസമേകിയ എന്നമ്മേ
നിനക്കായ് ഈ ജന്മം എന്ത് ഞാൻ തരേണ്ടൂ
ഇന്നുമെൻ പടിവാതിലിൽ ദീപമായി മാറുന്ന എന്നമ്മേ
നിനക്കായ് എന്റെ ജന്മ നിർവൃതി!

# ഓർമ്മ

"എന്നും തുടിക്കുമെൻ ഓർമ്മകളിൽ
കുളിരായ് വരുന്നൊരു കുട്ടിക്കാലം
അക്ഷരച്ചെപ്പിൽ ഒതുക്കിവച്ചു
ഓടിക്കളിച്ചൊരു നല്ല കാലം
ഒഴുക്കിൽ തുളുമ്പുന്ന ഓളങ്ങളിൽ
ചലിക്കുന്ന പൂക്കളായ് എന്നുമെൻ ബാല്യകാലം."

അപർണ്ണ എ
ലിറ്റിൽ കൈറ്റ്

## കടങ്കഥകൾ

- ചുവന്ന മേനി, ചുവന്ന കുപ്പായം, പച്ചക്കെരിയും വെന്താൽ മധുരം?
  ചുവന്നുള്ളി
- പച്ചപ്പലക കൊട്ടാരത്തിൽ പത്തും, നൂറും കൊട്ട തേങ്ങ?
  പപ്പായ
- കായ്ക്കും മുമ്പേ വിത്തിറങ്ങി?
  വാഴ
- വെള്ളാമ്പൽ വിരിഞ്ഞു, കുളം വറ്റി?
  നിലവിളക്ക്
- തേൻകുടത്തിൽ ഒറ്റക്കണ്ണൻ?
  ചക്കക്കുരു

അപർണ്ണ എ

ലിറ്റിൽ കൈറ്റ്

# പൊതുവിജ്ഞാനം

- ✓ മയ്യഴി ഗാന്ധി എന്ന അപരനാമത്തിൽ അറിയപ്പെടുന്നത്?
  എം.കെ.കുമാരൻ മാസ്റ്റർ
- ✓ ഇന്ത്യയിലെ വജ്രനഗരം എന്നറിയപ്പെടുന്നത്?
  സൂറത്ത്
- ✓ ഗാന്ധി ശിഷ്യനായി ജീവിച്ച കോൺഗ്രസ് ഇതര ഇന്ത്യൻ പ്രധാനമന്ത്രി
  മൊറാർജി ദേശായി
- ✓ 'ഗേറ്റ് വേ ഓഫ് ഇന്ത്യ' നിർമ്മിച്ചതെന്ന്?
  1911
- ✓ ഇന്ത്യ തയ്യാറാക്കിയ സൂപ്പർ കമ്പ്യൂട്ടറിന്റെ പേരെന്ത്?
  പരം 2000
- ✓ യു.എസിൽ 8 മണിക്കൂർ തുടർച്ചയായി പ്രസംഗിച്ച ഇന്ത്യക്കാരൻ ആര്?
  വി.കെ.കൃഷ്ണമേനോൻ
- ✓ യു.എന്നിൽ ആദ്യമായി മലയാളത്തിൽ പ്രസംഗിച്ചതാരാണ്?
  മാതാ അമൃതാനന്ദമയി
- ✓ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടം ഏതു രാജ്യത്തിന്റേതാണ്?
  ദുബായ്
- ✓ ഇന്ത്യൻ സായുധസേനയുടെ ഭാഗമായി മാറിയ ആദ്യ മിസൈൽ?
  പൃഥ്വി
- ✓ ചരൺസിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്നത് എത്ര മാസം?
  6 മാസം
- ✓ ഉന്നത ഊഷ്മാവ് അളക്കാനുള്ള ഉപകരണം?
  പൈറോമീറ്റർ
- ✓ പാലിന്റെ ശുദ്ധി പരീക്ഷിക്കാനുള്ള ഉപകരണം?
  ലാക്റ്റോ മീറ്റർ
- ✓ കേരളത്തിന്റെ പ്രഥമ വനിതാ ഗവർണർ?
  ജ്യോതി വെങ്കിടാചലം
- ✓ മലയാള കൊല്ലവർഷം നിലവിൽ വന്നതെന്ന്?
  എ.ഡി 825

ശ്രീക്കുട്ടി
ലിറ്റിൽ കൈറ്റ്സ്

# യാത്രാമൊഴി

ഓർമതൻ ചിതൽപ്പുറ്റുകൾ
പാകിയ വീഥിയിലജ്ഞാതമാം
മൂകനാദം പോലെ
എൻ മുത്തച്ഛന്റെ പദനിസ്വനങ്ങൾ
കേർപ്പു ഞാനിന്നും
ദേശാടനക്കിളിപോലെ
ഇടവഴികളിലൂടുഴറി
യകലുമെൻ മുത്തച്ഛൻ
ഓർമയിൽ മന്ദസ്മിതം തൂകവേ,
നനയുന്നു ഓർമകൾ
വിടതരാൻ മടിയുന്നുള്ള
മുറ്റത്തെ തൈമാവിൻ കൊമ്പിലെ
കിളികൾതൻ കളംകളം പാട്ടിന്റ
ഈണമാണെൻ മുത്തച്ഛൻ
പൊട്ടിച്ചിതറുന്ന മഞ്ചാടിപോലെ
പൊട്ടിച്ചിരിയുന്ന ആത്മസതീർത്ഥ്യൻ
പൈകിടാവിൻ ചിറകിൽ
കുതിക്കുന്ന പിഞ്ചിളം
പൈതലാണെന്നുമെൻ മുത്തച്ഛൻ
ഒടുവിലാപടിവാതിൽ കടന്ന്
കാലത്തിൻ ഇടവഴിയിലൂടെൻ
മുത്തച്ഛൻ മറയവെ,
അറിഞ്ഞീലാ ഞാൻ–
പൊട്ടിച്ചിരി, വിടവാങ്ങൽ
തൻ ഹൃദയഭാഷ്യമാണ്.